## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 270

08.02.2016-ൽ മറുപടിയ്ക്ക്

### ടിപ്പർ ലോറി അപകടങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ടിപ്പർ ലോറി അപകടങ്ങളുടെ എണ്ണം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ; | (എ) & (ബി) | വാർഷിക അടിസ്ഥാനത്തിൽ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. (18.05.2011 മുതൽ 2016 ജനുവരി 31 വരെ) |
| (ബി) എത്ര മരണങ്ങൾ ഈ അപകടങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ചിട്ടുണ്ടെന്നുള്ള വിവരം വാർഷികാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ ; | | |
| (സി) ടിപ്പർ ലോറികളുടെ അമിതവേഗത നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) | തിരക്കേറിയ സമയങ്ങളിൽ (പീക്ക് ടൈം) ടിപ്പർ ലോറികൾ രാവിലെ 9 മണി മുതൽ 10 മണി വരെയും, വൈകിട്ട് 4 മണി മുതൽ 5 മണി വരെയും നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും പ്രവേശിക്കുന്നത് തടഞ്ഞിട്ടുണ്ട്. നിരീക്ഷണ ക്യാമറകളിലൂടെയും, സ്പീഡ് റഡാറുകൾ, ഇന്റർസെപ്റ്റർ, വേഗപ്പൂട്ട് മുതലായ ആധുനിക സംവിധാനങ്ങളുടെയും, ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കാരുടെയും സഹായത്തോടെ ടിപ്പർ ലോറികളുടെ അമിത വേഗതയ്ക്ക് കുറവ് വരുത്തിയിട്ടുണ്ട്. |

അമിത വേഗത്തിൽ ഓടിക്കുന്ന ടിപ്പർ ഡ്രൈവർമാരുടെ പേരിൽ എം.വി.ആക്റ്റ് പ്രകാരം പിഴ ചുമത്തുകയും, മദ്യപിച്ച് വാഹനമോടിക്കുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. അമിത വേഗതയ്ക്ക് കുറവു വരുത്തുന്നതിനായി ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകളും മറ്റും നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ ടിപ്പർ ലോറികൾ ഉണ്ടാക്കുന്ന അപകടങ്ങളുടെ വിശദ വിവരങ്ങൾ പരിശോധിച്ച ശേഷം നഗരത്തിനുള്ളിലും തിരക്കുള്ള റോഡുകളിലും ഇവയെ പ്രവേശിപ്പിക്കാതിരിക്കുന്ന സമയം രാവിലെ 8.30 മുതൽ 10.30 വരെയും വൈകിട്ട് 3.30 മുതൽ 5.30 വരെയുമാക്കി പുനഃക്രമീകരിക്കുന്ന കാര്യം സർക്കാർ ആലോചിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

# ടിപ്പർ ലോറികൾ മൂലമുള്ള അപകടങ്ങളുടെ ജില്ല തിരിച്ച് വാർഷികാടിസ്ഥാനത്തിലുള്ള കണക്കുകൾ

| ജില്ല | 18-05-2011 to 31-12-11 | | 2012 | | 2013 | | 2014 | | 2015 | | 2016UPTO JAN 31 | |
|---|---|---|---|---|---|---|---|---|---|---|---|---|
| | അപകടങ്ങൾ | മരണം | അപകടങ്ങൾ | മരണം | അപകടങ്ങൾ | മരണം | അപകടങ്ങൾ | മരണം | അപകടങ്ങൾ | മരണം | അപകടങ്ങൾ | മരണം |
| തിരുവനന്തപുരം സിറ്റി | 8 | 2 | 12 | 3 | 13 | 3 | 15 | 2 | 12 | 4 | 0 | 0 |
| തിരുവനന്തപുരം റൂറൽ | 13 | 5 | 21 | 7 | 19 | 6 | 22 | 9 | 30 | 9 | 3 | 1 |
| കൊല്ലം സിറ്റി | 5 | 0 | 11 | 1 | 26 | 5 | 23 | 5 | 22 | 2 | 1 | 0 |
| കൊല്ലം റൂറൽ | 27 | 9 | 23 | 4 | 16 | 2 | 20 | 6 | 24 | 6 | 2 | 0 |
| പത്തനംതിട്ട | 22 | 3 | 38 | 7 | 35 | 6 | 22 | 4 | 34 | 3 | 2 | 0 |
| ആലപ്പുഴ | 17 | 2 | 42 | 10 | 60 | 12 | 45 | 3 | 46 | 11 | 4 | 2 |
| കോട്ടയം | 34 | 3 | 67 | 14 | 75 | 13 | 67 | 11 | 63 | 15 | 7 | 2 |
| ഇടുക്കി | 18 | 3 | 54 | 4 | 43 | 5 | 40 | 4 | 36 | 3 | 1 | 0 |
| എറണാകുളം സിറ്റി | 35 | 8 | 54 | 6 | 52 | 7 | 41 | 5 | 62 | 7 | 1 | 0 |
| എറണാകുളം റൂറൽ | 87 | 12 | 138 | 20 | 99 | 20 | 125 | 22 | 86 | 14 | 7 | 1 |
| തൃശ്ശൂർ സിറ്റി | 17 | 3 | 34 | 1 | 19 | 3 | 20 | 1 | 20 | 6 | 1 | 0 |
| തൃശ്ശൂർ റൂറൽ | 29 | 3 | 54 | 8 | 59 | 9 | 42 | 10 | 62 | 8 | 4 | 2 |
| പാലക്കാട് | 28 | 4 | 46 | 8 | 45 | 6 | 35 | 9 | 31 | 7 | 4 | 1 |
| മലപ്പുറം | 29 | 6 | 67 | 24 | 68 | 17 | 69 | 19 | 61 | 27 | 1 | 0 |
| കോഴിക്കോട് സിറ്റി | 10 | 1 | 24 | 7 | 29 | 7 | 22 | 3 | 33 | 6 | 2 | 0 |
| കോഴിക്കോട് റൂറൽ | 14 | 6 | 32 | 11 | 43 | 13 | 35 | 8 | 30 | 8 | 2 | 1 |
| വയനാട് | 1 | 0 | 9 | 4 | 9 | 2 | 6 | 4 | 6 | 1 | 2 | 0 |
| കണ്ണൂർ | 27 | 7 | 56 | 9 | 46 | 6 | 53 | 7 | 51 | 13 | 6 | 1 |
| കാസർഗോഡ് | 9 | 4 | 11 | 2 | 16 | 6 | 12 | 5 | 13 | 1 | 0 | 0 |

സെക്ഷൻ ഓഫീസർ